(സി) 29-4-95-ലെ 6434/ലെജി/സി2/95/ലാ ഓർഡിനൻസ് പ്രകാരം മത്സ്യഫെഡിലെ നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നടത്തുന്നതിന് തീരുമാനമായിട്ടുണ്ട്. ആയതിലേക്ക് സ്പെഷ്യൽ റൂൾസ് തയ്യാറാക്കി വരുന്നു.

110 (634) വർക്കലയിലെ കൊഞ്ചു വളർത്തൽ കേന്ദ്രം

ശ്രീ. എ. അലിഹസ്സൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കലയിൽ കുരക്കണ്ണി എന്ന സ്ഥലത്ത് വർഷങ്ങൾക്ക് മുമ്പ് കൊഞ്ചുവളർത്തലിന് എത്ര ഏക്കർ സ്ഥലം എന്തു വിലയ്ക്ക് വാങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പ്രോജക്ട് നടപ്പാക്കാനുള്ള തടസ്സം എന്താണെന്നും ആയത് നീക്കാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) കൊഞ്ചുവളർത്തൽ കേന്ദ്രം സ്ഥാപിക്കാൻ സാധ്യമല്ലെങ്കിൽ ഇവിടെ മറ്റേതെങ്കിലും പ്രോജക്ട് അനുവദിക്കാൻ നടപടി എടുത്തിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2.32 ഹെക്ടർ സ്ഥലം ഏറ്റെടുത്തു ഇതിലേക്ക് 86,79,325 രൂപ ചെലവായി.

(ബി) കുവൈറ്റ് ഫണ്ടിന്റെ ധനസഹായത്തോടുകൂടി കൊഞ്ചു വളർത്തൽ കേന്ദ്രം സ്ഥാപിക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്. പദ്ധതിയുടെ കാലാവധി 31.3.98-ൽ അവസാനിച്ചതിനാൽ ഹാച്ചറി സ്ഥാപിക്കുവാനുള്ള നടപടി തുടരുവാൻ സാധിച്ചില്ല എന്നാൽ തദ്ദേശ സാങ്കേതിക സഹായത്തോടെ ഈ സ്ഥലത്ത് ഒരു ചെമ്മീൻ കുഞ്ഞുല്പാദനകേന്ദ്രം സ്ഥാപിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു.

(സി)&(ഡി) 'ബി' വിഭാഗത്തിനുള്ള ഉത്തരവിന്റെ വെളിച്ചത്തിൽ ചോദ്യം ബാധകമല്ല.

111 (635) മത്സ്യബന്ധന വകുപ്പിൽ സേവനമനുഷ്ഠിച്ച ഡയറക്ടർമാരും സെക്രട്ടറിമാരും

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീമതി റോസമ്മ ചാക്കോ
ഡോ. എം. എ. കുട്ടപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ ആരെല്ലാം മത്സ്യബന്ധന വകുപ്പിന്റെ ഡയറക്ടർമാരായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്;

(ബി) ഈ കാലയളവിൽ ആരെല്ലാം പ്രസ്തുത വകുപ്പിന്റെ സെക്രട്ടറിമാരായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly